LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1970

Friday, the 16th January 1970

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 16th January, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session.)

ORAL ANSWERS

ദേശസാൽക്കരിച്ച റൂട്ടുകൾ

* 26 [101] ശ്രീ. ജെ. കമാലിയാസ് മൊറയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും ദേശസാൽക്കരിച്ച റൂട്ടുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ ആവശ്യാനുസരണം ഓടുന്നില്ലെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ദേശസാൽക്കരിച്ച റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ ഇടുന്നതിനു എന്തു നടപടികൾ സ്വീകരിച്ചു?

ഗതാഗതവും ആരോഗ്യവുംമന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) അങ്ങനെ ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ദേശസാൽക്കരിച്ച റൂട്ടുകളിൽ ആവശ്യാനുസരണം കൂടുതൽ ബസ്സുകൾ ഓടിക്കുന്നതിനുവേണ്ട നടപടികൾ ട്രാൻസ്പോർട്ടുകോർപ്പറേഷൻ എടുത്തുവരുന്നുണ്ട്.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: വേണ്ട നടപടികൾ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എടുത്തുവരുന്നു എന്നുള്ളതിൽനിന്നു മനസ്സിലാക്കേണ്ടതേ. കൂടുതൽ ബസ്സുകൾ ഇടുമെന്നാണോ? എന്തെല്ലാമാണ് നടപടികൾ എന്നൊന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എം. ജോർജ്ജ്: കൂടുതൽ ബസ്സുകളും ഓടിക്കുന്നതിനുവേണ്ട നടപടികളും എടുക്കുന്നു എന്നു പറഞ്ഞാൽ തീർച്ചയായിട്ടും കൂടുതൽ ബസ്സുകളും ഓടിക്കുമെന്നുതന്നെയാണ് അർത്ഥം. പുതിയ ബസ്സുകളും വാങ്ങുന്നതിനുവേണ്ടി കോർപ്പറേഷൻ 125 ലക്ഷം രൂപയുടെ ഡിബഞ്ചർ കടം എടുത്തിട്ടുള്ളതും അതുപോലെ ഡിപ്രീസിയേഷൻ ഫണ്ടിൽനിന്നും കടമെടുത്തിട്ടുള്ള ഒരുകോടി രൂപയും ബസ്സുകളും റീപ്ലേസ് ചെയ്യുന്നതിനും പുതിയ ബസ്സുകളും വാങ്ങുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടി പൂർത്തിയാകുമ്പോളും തീർച്ചയായിട്ടും എല്ലാ റൂട്ടുകളിലും ആവശ്യാനുസരണം ബസ്സുകളും ഓടിക്കാനും പുതിയ ദേശവൽക്കരിക്കുന്ന റൂട്ടുകളിലേക്ക് ഓടിക്കാനും തികയും.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: 12 വർഷത്തിനുമുമ്പേ എഴുതി ഉണ്ടാക്കിയതും ഇപ്പോളും നിലവിലുള്ളതും ഷെഡ്യൂളും അനുസരിച്ച് പൂവാർ—വിഴിഞ്ഞം ലൈനിൽ ഓടേണ്ടതുമായ ബസ്സുകളുംപോലും ഓടിക്കാൻ ട്രാൻസ്പോർട്ട് അധികാരികൾക്ക് സൻമനസ്സുണ്ടായില്ലെന്നും, അതുപോലെതന്നെ ഗവൺമെൻറിനും ട്രാൻസ്പോർട്ടു ഭരണാധികാരികൾക്കും പെറ്റീഷൻ കൊടുത്തിട്ട് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ബഹുമാനപ്പെട്ട ഗവൺമെൻറിന് ബോധ്യമായിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: എട്ടു പത്തു കൊല്ലം മുമ്പ് ദേശവൽക്കരിച്ച റൂട്ടുകളിൽ അന്നത്തെ ആവശ്യാനുസരണമുള്ള ബസ്സുകളാണ് ഓടിയിരുന്നത്. ജനബാഹുല്യം കൂടുകയും കൂടുതൽ യാത്രക്കാർ ഉണ്ടാവുകയും ചെയ്തപ്പോൾ മുമ്പുണ്ടായിരുന്ന റൂട്ടുകൾ അപര്യാപ്തമായി. ഇതൊക്കെ കണക്കിലെടുത്തുകൊണ്ടാണ് പരിപാടി ഇപ്പോൾ ആവിഷ്കരിച്ചു വരുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഭാഗികമായി ദേശസാൽക്കരിച്ചിട്ടുള്ള പല റൂട്ടുകളിലും പല ഷെഡ്യൂളുകളും ക്യാൻസൽ ചെയ്തിട്ടുണ്ട്. ഇത് പ്രൈവറ്റ് ബസ്സുടമകളെ സഹായിക്കാനുള്ള നടപടിയല്ലേ?

ശ്രീ. കെ. എം. ജോർജ്ജ്: ഭാഗികമായി ദേശവൽക്കരിച്ച റൂട്ടുകൾ എന്നു പറയുന്നതുതന്നെ പൂർവ്വാപരവിരുദ്ധമാണ്. ചില റൂട്ടുകളിൽ ഒന്നുരണ്ടു ബസ്സുകൾ ഫാസ്റ്റു പാസഞ്ചറോ ഓർഡിനറി ഷെഡ്യൂളോ ഓടാതെ പോയിട്ടുണ്ട്. ഇങ്ങനെയുള്ള ഒന്നുരണ്ടു റൂട്ടുകളിൽ ശബരിമല സ്പെഷ്യലിന് ബസ്സുകൾ ഇട്ടകാരണംകൊണ്ടും, മലബാർ പ്രദേശത്ത് ചില റൂട്ടുകളിൽ ബസ്സുകളുടെ സംരക്ഷണത്തിന് ഒരു സൗകര്യവും ഇല്ലാതെ ആക്രമണം നടക്കുന്നു എന്നുള്ളതിനെ പരിഗണിച്ചുകൊണ്ടും ഒന്നുരണ്ടു റൂട്ടുകളിലെ ബസ്സ് കുറവു ചെയ്തിട്ടുണ്ടെന്നുള്ളത് ശരിയാണ്.

ശ്രീ. പി. പി. ജോർജ്ജ്: തൃശൂർ—എറണാകുളം റൂട്ടിൽ തൃശൂർ നിന്നും എറണാകുളത്തുനിന്നും 20 മിനിട്ട് ഇടവിട്ട് ബസ്സുകളും ഓടിക്കണമെന്ന് സമയവിവര പട്ടിക അനുസരിച്ച് കാണുന്നത് ലംഘിച്ചുകൊണ്ട് ഒരു മണിക്കൂറിലൊരിക്കൽപോലും ബസ്സുകളും ഓടുന്നില്ല എന്നതിനെ പരിഗണിച്ച് യാത്രക്കാരുടെ ക്ലേശങ്ങളും പരിഹരിക്കാൻ എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: യാത്രക്കാരുടെ ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് കഴിയുന്ത്ര പരിപാടികളും ആസൂത്രണം ചെയ്യുന്നുണ്ട്. ഷെഡ്യൂളുകളും കൂട്ടിയും നേരത്തെ പറഞ്ഞതുപോലെ കൂടുതൽ ബസ്സുകളും വരുമ്പോൾ അതനുസരിച്ചും വേണ്ട നടപടികളൊക്കെ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അടുത്ത സാമ്പത്തികവർഷത്തിൽ എത്ര പുതിയ റൂട്ടുകൾ ദേശവൽക്കരിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. കെ. എം. ജോർജ്ജ്: അടുത്ത വർഷത്തേക്കുള്ള ഒരു സ്കീം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് സെക്ടറലായി ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ ദേശവൽക്കരിക്കണമോ അതോ അൻപത് അറുപത് കിലോമീറ്ററിൽ കൂടുതലുള്ള റൂട്ടുകൾ ദേശവൽക്കരിക്കണമോ എന്നുള്ളത് കോർപ്പറേഷന്റെ സജീവ പരിഗണനയിൽ ഇരിക്കുകയാണ്. നിവൃത്തിയുണ്ടെങ്കിൽ സ്റ്റേറ്റിന്റെ എല്ലാ ഭാഗത്തേക്കും അതിവേഗത്തിൽ റൂട്ടുകൾ ദേശസാൽക്കരിച്ചുകൊണ്ട് ബസ്സുകൾ ഇടണമെന്നാണ് ഇപ്പോൾ കോർപ്പറേഷൻ ആലോചിക്കുന്നത്. അവസാന തീരുമാനമെടുത്തിട്ടില്ല. ഏറ്റവും വേഗം വേണ്ട തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശബരിമലസ് പെഷ്യലിന് ബസ്സുകൾ ഓടുന്നതുകൊണ്ട് ഒന്നുരണ്ടുറൂട്ടുകളിൽ ബസ്സുകൾ കുറെ നിറുത്തേണ്ടിവന്നു എന്നുള്ള ലളിതമായ മറുപടിയാണ് മന്ത്രി പറഞ്ഞത്. യഥാർത്ഥത്തിൽ അങ്ങനെയല്ല. വളരെയധികം റൂട്ടുകളിൽ മുമ്പോടിയിരുന്ന ബസ്സുകൾ ഇപ്പോൾ ഇല്ലാതായിട്ടുണ്ടെന്നാണ് എറണാകുളം ഡിസ്ട്രിക്ടിൽനിന്ന് മനസ്സിലാക്കാൻ സാധിച്ച അനുഭവം. അതുകൊണ്ട് ഓടിയിരുന്ന റൂട്ടുകളിൽ മുഴുവൻ ബസ്സും ഓടിക്കാനുള്ള ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീ. ടി. കെ. രാമകൃഷ്ണൻ ആഗ്രഹിക്കുന്നതുപോലെയുള്ള മറുപടി പറയാൻകഴിയാതെ പോയതിൽ സങ്കടമുണ്ട്. സത്യം എന്താണെന്നുവച്ചാൽ മലബാർ പ്രദേശത്ത് രണ്ടു റൂട്ടുകളിൽ മാത്രമാണ് ഇട്ടിരുന്ന രണ്ടു സർവ്വീസ് കുറവു ചെയ്തത്. ഞാൻ അതിന്റെ പേര് പിന്നെ പറയാം. മറ്റുള്ള ഒരു റൂട്ടിലും ഇല്ലാതാക്കിയിട്ടില്ല ശബരിമല സ്പെഷ്യലിന് ബസ്സുകൾ ഓടിക്കുക എന്നത്, 700—ഓളം ബസ്സുകൾ സംസ്ഥാനവ്യാപകമായിതന്നെ ഏതാനും ഷെഡ്യൂളുകൾ കുറവു ചെയ്യുക എന്നുള്ളത് ഈ രാജ്യത്ത് നിലവിലിരിക്കുന്ന സംപ്രദായമാണ്. ഇപ്രാവശ്യവും അങ്ങനെ ചെയ്തിട്ടുണ്ട്, അല്ലാതെ ഇപ്രാവശ്യം മാത്രമായിട്ട് ചെയ്തിട്ടുള്ളതല്ല. അതേയവസരത്തിൽ എല്ലാ റൂട്ടിലും അൽപ്പം കുറവുവരുത്തിയിട്ടുണ്ടെന്നല്ലാതെ സ്വകാര്യ മുതലാളിമാരെ സഹായിക്കാൻ ഒന്നും ചെയ്തിട്ടില്ല. നേരെമറിച്ചാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ജോൺജേക്കബ്: ദേശവൽക്കരിച്ച റൂട്ടുകളിൽ കുറെയൊക്കെ ബസ്സുകളുടെ പോരായ്മ ഉണ്ടെന്ന് മനസ്സിലാക്കി ഇനിയും വേറെ പുതിയ റൂട്ടുകളിൽ ട്രാൻസ്പോർട്ടു ബസ്സും പ്രൈവറ്റ് ബസ്സുമായി കമ്പീറ്റു ചെയ്ത് ഓടിക്കുന്നതിനുപകരം ദേശസവൽക്കരിച്ച റൂട്ടുകളിൽ ആവശ്യംപോലെ ബസ്സുകൾ ഇട്ടുകഴിഞ്ഞിട്ട് കൂടുതൽ റൂട്ടുകൾ ദേശസവൽക്കരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇതൊരു നയത്തെ സംബന്ധിക്കുന്ന പ്രശ്നമാണ്. ഇതിനെസംബന്ധിച്ച് ഒറ്റവാക്കിൽ മറുപടി പറയുന്നത് ശരിയല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സെക്റ്റർ സെക്റ്ററായിട്ട് വേണമോ ഡിസ്ട്രിക്ട് ആയിട്ടു വേണമോ എന്നുള്ളതാണ് പരിഗണനയിൽ ഇരിക്കുക്കുന്നത്. റോഡുവാറായിട്ട് ദേശവൽക്കരിക്കുന്നതായിരിക്കും എല്ലാ ഭാഗത്തേക്കും ജനങ്ങൾക്കാവശ്യമായ സേവനം എത്തിച്ചുകൊടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗമെന്നാണ് വിചാരിക്കുന്നത്. അത് ഗവൺമെൻറിന്റെ സജീവ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. സി. വാമദേവൻ: സംസ്ഥാനത്തെവിടെ സ്പെഷ്യൽ ബസ്സ് ആവശ്യമുണ്ടെങ്കിലും ട്രാൻസ്പോർട്ട് ബസ്സുകളാണ് ഡൈവർട്ടു ചെയ്യുന്നത്. ഇങ്ങനെ ഡൈവർട്ടു ചെയ്തതിന്റെ ഫലമായി അടുത്തകാലത്ത് സ്ക്കൂളുകളും കോളേജുകളും പൂട്ടിയിടേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെ യാത്രക്കാർക്ക് അസൗകര്യം സൃഷ്ടിക്കാതിരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: സിറ്റി സർവ്വീസിനെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത തരത്തിലാണ് ഡൈവർഷൻ നടത്തിയിട്ടുള്ളത്. മറ്റൊരു സംഗതി ബസ്സുകളും ധാരാളം എടുക്കുന്നത് ജനങ്ങളും അധികം ഇല്ലാത്ത പ്രദേശങ്ങളിൽനിന്നും യാത്രക്കാർക്ക് അസൗകര്യം ഉണ്ടാകാത്ത സ്ഥലങ്ങളിൽനിന്നുമാണ്. പിന്നെ അൽപ്പസ്വൽപ്പം സിറ്റിയിൽനിന്നും ഡൈവർട്ടു ചെയ്തു കാണും. ശബരിമല സ്പെഷ്യൽപോലെ സംസ്ഥാനത്താകെയുള്ള ജനങ്ങൾക്ക് ആവശ്യമുള്ള കാര്യത്തിനാണ് ഇതു ചെയ്തിട്ടുള്ളത്. മുമ്പും ഇതുപോലെ ചെയ്തിട്ടുള്ളതാണ്.

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട മന്ത്രി മലബാർ പ്രദേശത്തു നിന്നുമാത്രമാണ് രണ്ടു റൂട്ടുകളും എടുത്തിട്ടുള്ളതെന്നു പറഞ്ഞു. തൃശൂർ എറണാകുളം റൂട്ടിൽ 3 ഷെഡ്യൂളുകളും അതായത് തൃശൂർ—തൃപ്രയാർ—വാടാനപ്പള്ളി സർക്കുലർ, റൂട്ട്—2, തൃശൂർ—ഗുരുവായൂർ 3 ഷെഡ്യൂളും, തൃശൂർ—വടക്കാഞ്ചേരി വഴി കുന്നംകുളം 2 ഷെഡ്യൂളും ഇത്രയും ഷെഡ്യൂളുകൾ തൃശൂരിൽ ക്യാൻസൽ ചെയ്തിട്ടുണ്ട്. ഇതിനെസംബന്ധിച്ച് മലബാറിൽ മാത്രമാണെന്ന് മന്ത്രി പറഞ്ഞത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വെല്ലുവിളിക്കുകയാണ്. ഞാൻ പറഞ്ഞ ഈ റൂട്ടുകളും എടുത്തു കഴിഞ്ഞിട്ട് നിയമസഭയെ തെറ്റിദ്ധരിപ്പിക്കത്തക്കരീതിയിൽ മറുപടി പറയുന്നതു ശരിയാണോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇപ്പോൾ തൃശൂർ—മലബാറായിട്ട് ഞാൻ പരിഗണിച്ചിട്ടില്ല. അതിനുംപുറമെ ഈ പറയുന്ന തൃശൂർ ഡിസ്ട്രിക്ടിലായാലും തെക്കോട്ടുള്ള ഡിസ്ട്രിക്ടിലായാലും എല്ലാ റൂട്ടുകളിലും ഓടുന്ന ബസ്സുകളും ഡൈവർട്ടു ചെയ്താണ് ശബരിമല സ്പെഷ്യലിന് ഓടിക്കുന്നത്. ഏതെങ്കിലും റൂട്ടിൽ പരിപൂർണ്ണമായി നിറുത്തിയോ എന്നു ചോദിച്ചതിനാണ് മലബാർ പ്രദേശത്ത് രണ്ടു റൂട്ടുകളിലല്ലാതെ മറ്റൊരിടത്തും നിറുത്തിയിട്ടില്ലെന്നു പറഞ്ഞത്. ഒന്നുരണ്ടുസ്ഥലങ്ങളിൽ കാട്ടു പ്രദേശങ്ങളിൽ ബസ്സുകളും ഓടുന്നതിനും പോലീസിനു പോകാൻപോലും പ്രയാസം ഉള്ള സ്ഥലമായതുകൊണ്ടാണ്. അവിടെ രണ്ടു റൂട്ടുകളും പിൻവലിച്ചത്.

ശ്രീ. വി. ശ്രീധർ: ദിവസവും നൂറും നൂറ്റിയൻപതും ഷെഡ്യൂളുകളും ക്യാൻസൽ ചെയ്തു വരുന്നുവെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇത് എവിടെയാണെന്ന് എനിക്ക് മനസ്സിലായില്ല. ട്രാൻസ്പോർട്ടു സമരം നടക്കുന്നുവെന്നുള്ളതുകൊണ്ട് അതിന്റെ പേരിൽ ഷെഡ്യൂളുകളും ക്യാൻസൽചെയ്തു എന്നു വരുത്താൻവേണ്ടി ചോദിക്കുകയാണെങ്കിൽ അങ്ങനെയല്ല എന്നു മാത്രമേ പറയാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എസ്. എൻ. നമ്പീശൻ: തൃശൂർ ജില്ലയിൽ ഒരുപാടു ഷെഡ്യൂളുകളും ഡ്രൈവറും കണ്ടക്ടറും ഇല്ലാത്തതുകൊണ്ട്—ബസ്സുകളും ഉണ്ടായിട്ടുപോലും—മുടക്കുകയുണ്ടായിട്ടുണ്ട് എന്നുള്ളതു് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: ഡ്രൈവറും കണ്ടക്ടറും ഇല്ലാത്തതുകൊണ്ട് ഒരൊറ്റ സർവ്വീസും നിറുത്തിയിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ബസ്സുകളും ഡൈവർട്ടു ചെയ്തിട്ടുണ്ട്. ഡ്രൈവറും കണ്ടക്ടറും ഉൾപ്പെടെ 85 ശതമാനത്തോളം ട്രാൻസ്പോർട്ടു ജീവനക്കാർ രാപകലില്ലാതെ, യാതൊരു വിശ്രമവും കൂടാതെ ശബരിമല സെപ്പെഷ്യലോടിക്കാൻ തയ്യാറായി മുന്നോട്ടു വന്നിട്ടുള്ളതുകൊണ്ട് യാതൊരു അസൗകര്യവും ഉണ്ടായിട്ടില്ല.

ശ്രീ. കെ. കെ. അബ്ബു: കാട്ടുപ്രദേശമായതുകൊണ്ട് മലബാറിൽ ഒന്നുരണ്ടു പ്രദേശത്ത് സർവ്വീസുകളും നിറുത്തിയെന്നു പറഞ്ഞു. അതെവിടെയാണ്?

ശ്രീ. കെ. എം. ജോർജ്: രണ്ടു റൂട്ടുകളുടെ പേര് എഴുതിവച്ചിരുന്നു. ഇപ്പോഴും കാണുന്നില്ല. ഞാൻ കാട്ടുപ്രദേശമെന്നു പറഞ്ഞത് മുഴുവൻ കാട്ടുപ്രദേശം എന്ന അർത്ഥത്തിലല്ല. ജനവാസമില്ലാത്ത മേഖലകളിൽക്കൂടി കടന്നുപോകുന്നുവെന്നാണ്.

ശ്രീ. ഇ. അഹമ്മദ്: കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി—തളിപ്പറമ്പ്, തളിപ്പറമ്പു—പയ്യന്നൂർ എന്നീ പ്രദേശങ്ങളിൽ സുരക്ഷിതബോധമില്ലാത്തതുകൊണ്ട് ബസ്സുകളും നിറുത്തേണ്ടിവന്നു എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അവിടെ സുരക്ഷിതത്വമുണ്ടാക്കി ബസ്സുയാത്രക്കാർക്കു ക്ലേശങ്ങളില്ലാതെ ആവശ്യമായ ബസ്സുകളും ഏർപ്പെടുത്താൻ നടപടിയെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: തീർച്ചയായും നടപടിയെടുക്കുന്നുണ്ട്. തന്നെയുമല്ല ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും ഉൾപ്പെടെ എല്ലാപേരും സഹകരിച്ച് പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസായി ഈ സർവ്വീസ് നടത്തുന്നതിനും പൊതുമുതൽ നശിപ്പിക്കാതിരിക്കുന്നതിനും എല്ലാ സഹായസഹകരണങ്ങളും ഗവൺമെന്റിനു നൽകുകയാണു വേണ്ടത്. അങ്ങനെ മനഃസ്ഥിതി ഉണ്ടാകുമെങ്കിൽ പ്രയാസമില്ല.

ശ്രീ. പി. കെ. ഗോപാല കൃഷ്ണൻ: സ്വകാര്യ ബസ്സുകളും ട്രാൻസ്പോർട്ടു ബസ്സുകളും ഓടുന്ന റൂട്ടുകളിൽ ചില റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സുകളും ലാഭകരമല്ല എന്നു പരിഗണിച്ച് നിർത്തൽ ചെയ്യാനാ ഗ്രഹിക്കുന്നുണ്ടോ; അങ്ങനെയുണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ്?

ശ്രീ. കെ. എം. ജോർജ്: ട്രാൻസ്പോർട്ടു സർവ്വീസുകളും ആരംഭിച്ച ഒരു റൂട്ടിലും ബസ്സുകളും പിൻവലിക്കണമെന്നു ഗവൺമെന്റ് തത്വത്തിൽ ആഗ്രഹിക്കുന്നില്ല. അതേസമയം യാതൊരു തത്വദീക്ഷയും കൂടാതെ—ഉദ്ദേശങ്ങളും എന്തുതന്നെയായിരുന്നാലും മുൻകാലങ്ങളിൽ ചില ബസ്സുകളും ചില പ്രദേശത്തുകൂടി ഓടിച്ചിട്ടുണ്ട്. ഇപ്പോൾ ട്രാൻസ്പോർട്ടു ബസ്സുകളും സ്വകാര്യബസ്സുകളും ഒരുമിച്ച് ഓടുന്ന ധാരാളം പ്രകിയ ഉണ്ട്. അതു ട്രാൻസ്പോർട്ടു കോർപ്പറേഷനു നഷ്ടം വരുത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഒരു റാഷണലൈസേഷൻ സ്റ്റഡി നടത്തുന്നുണ്ട്. ആ സ്റ്റഡി കഴിഞ്ഞതിനുശേഷം എല്ലാ കാര്യങ്ങളും പരിഗണിച്ച് പൊതു

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് ഒരസൗകര്യവും ഉണ്ടാകാതെ എന്താണു ചെയ്യേണ്ടത് അത് ട്രാൻസ്പോർട്ടു കോർപ്പറേഷൻ ചെയ്യുന്നതായിരിക്കും.

ശ്രീ. എ. വി. കുഞ്ഞാമ്പു: മലബാറിൽ നിറുത്തിയ രണ്ടു റൂട്ടുകൾ ഏതാണ്, എന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കാമോ?

ശ്രീ. കെ. എം. ജോർജ്ജ്: അതിനുത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: റൂട്ടിന്റെ പേര് എഴുതിവച്ചിരുന്നത് തൽക്കാലം കൈയിലില്ലെന്നു പറഞ്ഞു.

ശ്രീ. എ. വി. കുഞ്ഞാമ്പു: പ്രൈവറ്റ് ബസ്സ് ഉടമസ്ഥൻമാരുടെ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ്, അവർക്ക് ആനുകൂല്യം ചെയ്യാൻവേണ്ടി യാണ് മലബാറിൽ രണ്ടു റൂട്ടുകൾ നിറുത്തൽ ചെയ്തിട്ടുള്ളതെന്നു ഞാൻ പറയുകയാണ്, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്താണ്?

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മെമ്പർ കുഞ്ഞാമ്പു വികാരംകൊണ്ട് സംഗതികൾ മറക്കുകയാണ്. ഞാൻ പറഞ്ഞത്, ഇവിടെ പൊതുമുതലിന് സംരക്ഷണം നൽകാൻ സാധ്യമല്ലാത്ത സാഹചര്യം നില വിലുള്ളതുകൊണ്ട്, വിപ്ലവങ്ങൾ ഉണ്ടായതുകൊണ്ട് പൊതുമുതൽ നഷ്ടപ്പെ ത്തേണ്ട എന്നു വിചാരിച്ചതാണ്. അതുകൊണ്ട് പൊതുജനങ്ങൾക്ക് വലിയ ഉപദ്രവമൊന്നുമില്ല. ഏറ്റവും വേഗം ശബരിമല സ്പെഷ്യലിന്റെ കാര്യം കഴിയുകയും ജനുവരി ഒന്നാംതീയതി തുടങ്ങിയ വിപ്ലവം ഇപ്പോൾ അവസാ നിക്കുകയും ചെയ്തിരിക്കുകയാണ്. സംരക്ഷണം കൊടുക്കണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

ശ്രീ. എസ്. ദാമോദരൻ: ശബരിമല സീസൺ അല്ലാത്ത സമയത്തിൽ തന്നെ എറണാകുളം—ആലപ്പുഴ റൂട്ടിൽ നിലവിലുള്ള ഷെഡ്യൂളുകളിൽ പകുതി പോലും ഓപ്പറേറ്റു ചെയ്തിട്ടില്ല. എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനുവേണ്ട നടപടി സ്വീകരി ച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: ആലപ്പുഴ—എറണാകുളം റൂട്ടിൽ ബസ്സ് സർവ്വീസ് ആവശ്യത്തിന് ചില അവസരത്തിൽ പോരാതെവരുന്നുണ്ട്. മുമ്പൊരു ചോദ്യം ചോദിച്ചതുപോലെ വളരെക്കാലം മുമ്പു നിശ്ചയിച്ച ഷെഡ്യൂളും അനുസരിച്ചാണ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ ഓടിക്കുന്നത്. അങ്ങനെയല്ലാതെ ഉള്ള റൂട്ടുകൾ കുറയ്ക്കുകയോ ഷെഡ്യൂൾ കുറവു ചെയ്യുകയോ ബസ്സുകൾ പിൻവലിക്കുകയോ ചെയ്തിട്ടില്ല. ഏതായാലും ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാമോ അതെല്ലാം സ്വീകരിക്കാൻ ഗവൺമെൻറു തയ്യാറാണ്.

ശ്രീ. എം. എം. തോമസ്: എറണാകുളം—മുവാറ്റുപുഴ ലൈനിൽ വേണ്ടത്ര ബസ്സുകളില്ലെന്നും ഓടുന്ന ബസ്സുകൾ പഴക്കമുള്ളതാണെന്നും മുവാറ്റുപുഴ ബസ്സ് തൊടുപുഴവരെ നീട്ടണമെന്നും ഞാൻ പലതവണ ഈ അസംബ്ലിയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇതു അടിയന്തിരമായി ശ്രദ്ധിക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എന്റെ സ്നേഹിതനെക്കാൾ ദുഃഖിതനാണു ഞാൻ. ആ നാട്ടുകാരനായ ഞാനും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുവേണ്ടി നിവേദനം നടത്തിയിട്ടുള്ളതാണ്. എത്രയുംവേഗം ഈ ദു:സ്ഥിതി പരിഹരിക്കാൻ വേണ്ടതു ചെയ്യാം.

ശ്രീ. എൻ. കണപതി : സർ, நமது பஸ்களுக்கு பாதுகாப்பு கொடுக்கவேண்டுமென்றும் பலரும் சொன்னார்கள். தற்போது பாதுகாப்பு கொடுக்க வேண்டாமென்று இந்த சபையில் ஒருவராவது கூறியதுண்டா ?

ശ്രീ. കെ. എം. ജോർജ്ജ്: സംരക്ഷണം കൊടുക്കേണ്ട എന്ന് ആരെങ്കിലും പറഞ്ഞോ എന്നറിയുകയില്ല. ബസ്സുകളും നശിപ്പിക്കുമെന്ന ഭീഷണിയും ഒരൊറ്റ ബസ്സും ഓടിക്കുകയില്ല എന്ന ഭീഷണിയും ബഹുമാനപ്പെട്ട ഉത്തരവാദപ്പെട്ട അംഗങ്ങളിൽനിന്നുതന്നെ വന്നിട്ടുണ്ട്. അതെല്ലാം ഗൗരവമായി പരിഗണിക്കണമല്ലോ; അങ്ങനെ പരിഗണിച്ചു എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: നിലവിലുള്ള അനേകം ഷെഡ്യൂളുകളും നിർത്തലാക്കിയത് ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ബസ്സുകളും റൂട്ടുകളും നിർത്തലാക്കിയത് ഒഴിവാക്കാൻവേണ്ടി വേണ്ടത്ര സ്റ്റാഫിനെ നിയമിച്ച് റൂട്ടുകളും നടത്താമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇങ്ങനെ ആക്ഷേപം പറഞ്ഞത് ഒരു മിഥ്യാധാരണകൊണ്ടാണ്. ആവശ്യത്തിനു സ്റ്റാഫുണ്ട്. സ്റ്റാഫ് ആവശ്യാനുസരണം എടുക്കാൻ പബ്ലിക്ക് സർവ്വീസ് കമ്മിഷനു നിയമനം വിട്ടുകൊടുത്തിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അതിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ഒരൊറ്റ ബസ്സും ഓടാതിരുന്നിട്ടില്ല. ഓടാതിരിക്കുകയുമില്ല എന്ന് ബഹുമാനപ്പെട്ട സ്നേഹിതനു ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. എം. രാമുണ്ണി: കണ്ണൂർ ജില്ലയിലാണ് രണ്ടു റൂട്ടുകളും ക്യാൻസൽചെയ്തിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ നിന്നു വ്യക്തമാകുന്നു. സി. ആർ. പി.—യും പോലീസും എല്ലാം ഉണ്ടായിട്ടും ഈ റൂട്ടുകളും ഓടിക്കുന്നതിനാവശ്യമായ സംരക്ഷണം നൽകാൻ ഗവൺമെന്റു പരാജയപ്പെടുന്നു എന്നാണോ ഈ ഉത്തരത്തിൽനിന്നും മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. എം. ജോർജ്ജ്: രണ്ടു റൂട്ടുകളുടെ കാര്യത്തെപ്പറ്റിയാണല്ലോ പറയുന്നത്. സംരക്ഷണത്തിന് സി. ആർ. പി.—യെ ഉപയോഗിക്കേണ്ടിവന്നാൽ ഉപയോഗിക്കും. അതിൽ വലിയ തെറ്റ് കാണുന്നുമില്ല. അതിലും കൂടിയ ശക്തികളെയും വേണ്ടിവന്നാൽ ഉപയോഗിക്കും. ബങ്കാളിൽ പട്ടാളത്തെ ഉപയോഗിക്കാമെങ്കിൽ കേരളത്തിൽ സി. ആർ. പി.—യെ ഉപയോഗിക്കാൻ പാടില്ലെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

(ബഹളം)

ശ്രീ. സി. കെ. ബാലകൃഷ്ണൻ: മറുപടി കേട്ടില്ല.

മി. സ്പീക്കർ: എന്താണ് പറഞ്ഞത്. മറുപടി കേട്ടില്ലെന്നോ!

(ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ ആഭ്യന്തരമന്ത്രിയോട് ചോദിക്കേണ്ടതാണ് എന്നോട് ചോദിച്ചാൽ വിഷമമാണെന്ന് പറഞ്ഞു. അതിന് ആഭ്യന്തരമന്ത്രി മറുപടി പറഞ്ഞു. ഇപ്പോൾ സി.ആർ.പി...യുടെ കാര്യം ട്രാൻസ്പോർട്ട് മന്ത്രി മറുപടി പറയുന്നത് കേട്ടു. അദ്ദേഹത്തിന് ഈ വകുപ്പിന്റെ ചാർജ്കൂടി കൊടുത്തിട്ടുണ്ടോ; അതോ അദ്ദേഹംതന്നെ എല്ലാം നിയന്ത്രിക്കുന്ന ആളായി മാറിയിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെയാണെങ്കിൽ അടുത്തിരിക്കുന്ന സ്നേഹിതനോട് സി. ആർ. പി.—യെപ്പറ്റി എന്നോട് ചോദിക്കാതിരിക്കാൻ പറയണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സി. ആർ. പി.—യെപ്പറ്റി ഉത്തരം പറയേണ്ടത് ട്രാൻസ്പോർട്ട് മന്ത്രിയാണോ?

ശ്രീ. കെ. എം. ജോർജ്ജ്: കൂട്ടുത്തരവാദിത്വത്തോടുകൂടിയാണ് ഈ മന്ത്രിസഭ പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കിയാൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ട്രാൻസ്പോർട്ട് ദേശവത്കരണത്തെ സംബന്ധിച്ച് മുമ്പിലത്തെ ഗവൺമെന്റ് ഒരു പദ്ധതി തയാറാക്കിയിട്ടുണ്ടായിരുന്നു എന്ന് പറഞ്ഞു. ഇപ്പോൾ ആ പദ്ധതി അനുസരിച്ച് ആണ്ടുതോറും ഈ വികസനത്തെ സംബന്ധിച്ച പ്ലാൻ ഉണ്ടാക്കുന്നുണ്ടോ; അങ്ങനെയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കുകയാണെങ്കിൽ അത് ഫൈനലൈസ് ചെയ്യുന്നതിന് മുൻപ് സഭയിലെ അംഗങ്ങളുമായി ഒന്ന് ചർച്ച ചെയ്യുന്നതിന് അവസരമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്: സർ, തീർച്ചയായും ഈ ബഹുമാനപ്പെട്ട സഭയുടെ പരിഗണനയ്ക്ക് വയ്ക്കാനും അംഗങ്ങളുമായി ചർച്ച ചെയ്യാനും ഗവൺമെന്റ് വളരെയധികം താൽപര്യം കാണിക്കും.

ശ്രീ. ഇ. അഹമ്മദ്: കണ്ണൂർ ജില്ലയിൽ മടായി നിയോജകമണ്ഡലത്തിൽപ്പെട്ട, കല്യാശേരി പ്ലാന്റേഷൻ എന്ന പ്രദേശത്ത് ഏതാനും ബസ്സുകൾ തുടർച്ചയായി ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയിൽപ്പെട്ട പ്രവർത്തകൻമാർ നശിപ്പിച്ചത് അവിടെ ഓടുന്ന സ്വകാര്യ ബസ്സുകളുടെ ഉടമകളുമായി കൂട്ടുചേർന്നുകൊണ്ടാണെന്നുള്ള ആരോപണമുള്ളതുകൊണ്ട് ഈ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി യാഥാർത്ഥ വിവരം സഭയെ അറിയിക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെയുള്ള വിവരങ്ങൾ ഗവൺമെന്റിനു മറിയാം. ഞാൻതന്നെ ഒരു പ്രാവശ്യം അത് നേരിട്ട് കണ്ടതാണ്. മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് പൊതു മുതൽ നശിപ്പിക്കാനുള്ള ഒരു പ്രവണത ഇവിടെ ഉള്ളതുകൊണ്ട് ഏറ്റവും ബോധപൂർവ്വമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. ഗോപിനാഥൻ പിള്ള: ആലപ്പുഴ—കൊല്ലം റൂട്ട് ലാഭകരമായതുകൊണ്ട് പഴക്കമേറിയ ബസ്സുകൾ ഓടിക്കുകയാണ് ചെയ്യുന്നത്. പഴക്കമേറിയ ഈ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ ഓടിക്കാൻ തയാറാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെ വളരെയധികം ബസ്സുകൾ, മുന്നൂറോളം ബസ്സുകൾ കണ്ടം ചെയ്യേണ്ട ബസ്സുകളുണ്ട്. അവ ഇപ്പോഴും ഓടുന്നുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് സന്തോഷകരവും അത് ഭൂതകരവുമാണ്. ഏതായിരുന്നാലും ഇതെല്ലാം റീപ്ലെയിസുചെയ്യാൻ പരിശ്രമിക്കുന്നുണ്ട്.

ശ്രീ. പി. പി. വിൽസൺ: ദേശസാൽകരിച്ചിട്ടുള്ള റൂട്ടുകളിൽ പ്രൈവറ്റ് ബസുകളുമായിട്ട് ഓവർലാപ്പ് ചെയ്യുന്ന സ്ഥലത്ത് പ്രൈവറ്റ് ട്രാൻസ്പോർട്ടുമായി അനാശാസ്യമായ മാൽസര്യം നിലനിൽക്കുന്നതുമൂലം ട്രാൻസ്പോർട്ട് ബസുകൾക്ക് കാര്യമായ നഷ്ടം സംഭവിക്കുന്നുണ്ടെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉദാഹരണത്തിന് പാല–എടനാട് റൂട്ടിൽകൂടി ഓടുന്ന പ്രൈവറ്റ് ബസുകളും കോട്ടയം–ഈരാറ്റുപേട്ട റൂട്ടിൽകൂടി ഓടുന്ന ട്രാൻസ്പോർട്ട് ബസുകളും തമ്മിൽ, മൽസരം നടത്തുന്നത് അറിയാമോ?

ശ്രീ. കെ. എം. ജോർജ്: അതൊരു സങ്കീർണ്ണമായ പ്രശ്നമാണ്, നാഷണലൈസ് ചെയ്ത റൂട്ടുകളിൽ ഓവർലാപ്പിംഗ് അനുവദിക്കണമോ എന്നുള്ളതാണ് പ്രശ്നം. തീരെ അനുവദിക്കാതിരുന്നാൽ യാത്രക്കാർക്ക് അസൗകര്യമുണ്ടാകും. കൊട്ടാരക്കരനിന്നും വരുന്ന ബസിലെ ആളുകൾ പരുത്തിപ്പാറ മുതലായ സ്ഥലങ്ങളിൽ ഇറങ്ങേണ്ടതായിട്ട് വരും. അങ്ങനെ വരുമ്പോൾ സ്ക്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്കും ആഫീസിൽ പോകുന്നവർക്കും പ്രയാസമുണ്ടാകും. അപ്പോൾ ആർ. ടി. എ. യ്ക്ക് ന്യായമായ റൂട്ടിന് പെർമിറ്റ് കൊടുക്കാതെ നിവൃത്തിയില്ലാതെവരും. തലസ്ഥാന നഗരിക്ക് അഞ്ചും ആറും കിലോമീറ്റർ അകലം വരെ ഇപ്പോൾ ഓവർലോഡ് അനുവദിക്കുന്നുണ്ട്. പൊതുജനങ്ങളുടെ താത്പര്യത്തെ ഉദ്ദേശിച്ചാണ് ഇത് ചെയ്യുന്നത്. സമ്പൂർണ്ണമായിട്ടുള്ള നാഷണലൈസേഷൻ കൊണ്ടല്ലാതെ ഈ പ്രശ്നം പരിപൂർണ്ണമായി പരിഹരിക്കാൻ കഴിയുകയില്ല. എങ്കിലും കഴിയുന്നതും പ്രയാസങ്ങൾ കുറയ്ക്കാൻ വേണ്ടത് ചെയ്യുന്നതാണ്. ഇത് നിയമപരമായ ഒരു പ്രശ്നമാണ്. ഏതായിരുന്നാലും ഇതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

ശ്രീ. പി. കുഞ്ഞൻ: യാതൊരു തത്വദീക്ഷയുമില്ലാതെ ബഹുമാനപ്പെട്ട മന്ത്രി ചില റൂട്ടുകളിൽ കുറെ ബസുകൾ ഓടിച്ചു എന്നു പറഞ്ഞു. അങ്ങനെ യാതൊരു തത്വദീക്ഷയുമില്ലാതെ ഓടിക്കുമ്പോൾ പ്രൈവറ്റ് ബസുകൾ യാതൊരു സമയ നിഷ്ടയുമില്ലാതെ ഓടിക്കുകയും ട്രാൻസ്പോർട്ട് ബസുകൾ കൃത്യസമയത്ത് ഓടിക്കുകയും ചെയ്യുന്നതുകൊണ്ട് വളരെയധികം കാംപ്ലിക്കേഷൻസ് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ബസുകൾ സമയത്ത് ഓടിക്കാൻ പോലീസിനെക്കൊണ്ട് വേണ്ടതു ചെയ്യിക്കുമോ?

ശ്രീ. കെ. എം. ജോർജ്: എന്റെ തത്വദീക്ഷ രണ്ടുമാസം കൊണ്ടുണ്ടായതാണ്. അതിനുമുമ്പും ഈ തത്വദീക്ഷയില്ലായ്മയുണ്ടായിരുന്നു. അതെല്ലാം നേരേയാക്കാൻ ഞാൻ ശ്രമിക്കുകയാണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: ഈ കാലത്ത് നടന്ന നിരുത്തരവാദിത്വപരമായ കാര്യങ്ങളെ സംബന്ധിച്ച് ഉത്തരം പറയാതെ മുൻ കാലങ്ങളിൽ നടന്ന കാര്യങ്ങൾ പറഞ്ഞ് തടിതപ്പുന്നത് തെറ്റല്ലേ?

ശ്രീ. കെ. എം. ജോർജ്: ഞാൻ എന്താണ് നിരുത്തരവാദപരമായി ചെയ്തത് എന്ന് പറഞ്ഞാൽ അതിന് ഞാൻ പരിഹാരമുണ്ടാക്കാം.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: ഇവിടെ പറയുകയുണ്ടായി, പ്രൈവറ്റ് ബസുകളും ട്രാൻസ്പോർട്ട് ബസുകളും ഓടിക്കൊണ്ടിരിക്കുന്നിടത്ത് ബസുകൾ കാൺവായിആയി പോയിക്കൊണ്ടിരിക്കുന്നു എന്ന്. അത്

LIBRARY ARCHIVES Kerala Legislative Assembly

തടയാനായിട്ട് നിയമമുണ്ട്, ആ നിയമത്തെ സംബന്ധിച്ച് മിനിസ്റ്റർ ബോധവാനാണോ, അതിനാസ്പദമായിട്ട് എന്താണ് ചെയ്തത്?

ശ്രീ. കെ. എം. ജോർജ്: ശ്രീ. ഇമ്പിച്ചിബാവായോളംതന്നെ ഞാൻ ബോധവാനല്ല. എന്നിരുന്നാലും റൂളിന് വിരുദ്ധമായി അദ്ദേഹം കൊടുത്തതാണ് ഇത്തരത്തിലുള്ള പെർമിറ്റുകൾ. പൊതുജനങ്ങൾ ആക്ഷേപം പറയുമെന്ന് വിചാരിച്ച് അത് പിൻവലിച്ചില്ലെന്നേയുള്ളൂ. ഏതായിരുന്നാലും വിശദമായ പരിശോധനകൾ നടത്തി പൊതുജന താൽപര്യത്തിന് അനുസരണമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: റൂളിന് വിരുദ്ധമായി എന്ന് പറഞ്ഞു; അതെന്താണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അദ്ദേഹം നിയമം പഠിച്ചവനും ഞാൻ നിയമം പഠിക്കാത്തവനുമാണെങ്കിലും ആ നിയമം എനിക്കറിയാം. ഈ ടൈമിംഗ് അറേഞ്ച് ചെയ്തത് പ്രൈവറ്റ് ബസ് ഓടേണ്ട സമയവും, ട്രാൻസ്പോർട്ട് ബസ് ഓടേണ്ടസമയവും അറേയ്ഞ്ച് ചെയ്തത് തക്കസമയത്ത് ഓടിക്കുന്നതിന് ഗവൺമെൻറിന് അധികാരമുണ്ട്; നിയമമുണ്ട്. അതനുസരിച്ച് റീ അറേഞ്ച് ചെയ്യാൻ ധൈര്യമുണ്ടോ?

ശ്രീ. കെ. എം. ജോർജ്: പല ആർ. ടി. എ. കളിലൂടേയും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ എഴുത്തിൻെറ അടിസ്ഥാനത്തിൽ മോട്ടോർ വെഹിക്കിൾ ആക്ടിനു വിരുദ്ധമായിട്ട് അനവധി ടെമ്പററി പെർമിറ്റുകൾ കൊടുത്തത് ഞാൻ കണ്ടിട്ടുണ്ട്. അങ്ങനെ ചെയ്തത് നിർബന്ധമാണെങ്കിൽ ഞാൻ ഇവിടെ കൈകാര്യംചെയ്യാം.

ശ്രീ. ഇമ്പിച്ചിബാവ: സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ ആർ.ടി.എ. യിലെ ഉദ്യോഗസ്ഥൻമാർ നിയമപരമായി തീരുമാനിച്ച ഇത്തരം കാര്യങ്ങൾ അപവാദപ്രകടനം നടത്താൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിക്കുന്നതു ശരിയാണോ?

ശ്രീ. കെ. എം. ജോർജ്: ഇതിൽ കൂടുതൽ പറയണമോ?

ശ്രീമതി. കെ. ആർ. ഗൗരി: പ്രൈവറ്റ് സെക്രട്ടറിയുടെ എഴുത്തിൻെറ അടിസ്ഥാനത്തിൽ റൂട്ടുകൾ കൊടുത്തതു ഞാൻ നേരിട്ടുകണ്ടു എന്നാണു പറഞ്ഞത്. ഞങ്ങൾ ആവശ്യപ്പെടുന്നത് ആ ഫയൽ മേശപ്പുറത്ത് വയ്ക്കണമെന്നാണ്.

ശ്രീ. കെ. എം. ജോർജ്: ഫയൽ മേശപ്പുറത്ത് വയ്ക്കാതെതന്നെ ഈ കാര്യം വിശ്വസിക്കാം.

ശ്രീമതി. കെ. ആർ. ഗൗരി: സർ, അതു പിൻവലിക്കണം. അല്ലെങ്കിൽ ആ ഫയൽ മേശപ്പുറത്തു വയ്ക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മുഴുവൻ ഉത്തരവും പറഞ്ഞു തീർന്നതിനുശേഷം സംശയമുണ്ടെങ്കിൽ ചോദിക്കാം. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞുകൊണ്ട് നിൽക്കുമ്പോൾ കടസ്സപ്പെടുത്താതിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഫയൽ മേശപ്പുറത്തു വയ്ക്കാതെ നേരിട്ടു പറഞ്ഞല്ലോ? തിരുവനന്തപുരം ആർ. ടി. എ. യിൽത്തന്നെ മിസ്റ്റർ ഇമ്പിച്ചി ബാവയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മിസ്റ്റർ കുഞ്ഞുണ്ണി എഴുതിയ എഴുത്ത് അതേ ഫയലിലുണ്ട്. അതു ഞാൻ ഫയൽ പരിശോധിച്ചപ്പോൾ കണ്ടതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: ആർ. ടി. എ.യ്ക്ക് എഴുതിയിട്ടുണ്ടെങ്കിൽ അതൊന്നു മേശപ്പുറത്തു വയ്ക്കണം. ആർ. ടി. എ. പ്രൈവറ്റ് സെക്രട്ടറിയുടെ എഴുത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം ഡിസ്ക്രീഷൻ അനുസരിച്ചാണോ ചെയ്തിട്ടുള്ളതെന്ന് അറിയണം.

ശ്രീ. കെ. എം. ജോർജ്: ഉദ്യോഗസ്ഥൻമാരുടെ ഡിസ്ക്രീഷൻ ഉപയോഗിക്കാതെ ഈ സംസ്ഥാനത്തെ മന്ത്രിമാർ മുൻപ് ഏതു തരത്തിലാണ് ഭരണം നടത്തിയിരുന്നതെന്നു ഫയലിൽനിന്നും വ്യക്തമാകുന്നുണ്ട്. ആർ. ടി. എ. മാത്രമല്ല; ഉന്നതൻമാരായ മറ്റു പല ഉദ്യോഗസ്ഥൻമാരെക്കൊണ്ടും നിയമത്തിനു വിരുദ്ധമായി പല കാര്യങ്ങളും ചെയ്യിച്ചിട്ടുള്ളത്. ഈ സഭയിൽ തന്നെ വന്നിട്ടുണ്ട്. ഈ കാര്യങ്ങൾ വിശ്വസിച്ചാൽ മതി, ഞാൻ കണ്ടിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഫയൽ മേശപ്പുറത്ത് വയ്ക്കേണ്ട കാര്യമില്ല.

(പല അംഗങ്ങളും എഴുനേറ്റ് നിന്ന് എന്തോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാർ ഇരിക്കണം. പ്രതിപക്ഷ പാർട്ടിയുടെ ഉപനേതാവ് എഴുനേറ്റ് നിൽക്കുകയാണ്. ഉപനേതാവ് എഴുനേറ്റ് നിൽക്കുമ്പോൾ മറ്റുള്ള മെമ്പർമാർ ഇരിക്കണം. ചോദിക്കാനുള്ളത് ഉപനേതാവ് ചോദിച്ചുകൊള്ളും.

ശ്രീമതി. കെ. ആർ. ഗൗരി: ദുരുദ്ദേശപരമായിട്ടുള്ള ഇത്തരം പ്രസ്താവനകൾ വരുന്നതിനാൽ മേശപ്പുറത്ത് ഫയൽ വയ്ക്കേണ്ടതാണ്, ഫയൽ കിട്ടുന്നതാണ്. ഇത് സംബന്ധിച്ച് ഒരു കേസ് നിലവിലിരിക്കുകയാണ്. ഇങ്ങനെ ഒരു സ്റ്റേറ്റ്മെന്റ് നിയമസഭയിൽ വരുന്നതുകൊണ്ട് ഫയൽ മേശപ്പുറത്തു വയ്ക്കാതിരുന്നാൽ കേസിനെ ബാധിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കോടതിയിൽ വേണമെങ്കിൽ വരുത്താവുന്നതാണ്.

ശ്രീ. കെ. എം. ജോർജ്: കേസിന് ആവശ്യമുണ്ടെങ്കിൽ അന്നേരം ഹാജരാക്കിക്കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: സർ, എന്നാൽ പറഞ്ഞതു പിൻവലിക്കണം. ഫയൽമേശപ്പുറത്തു വയ്ക്കാൻ തയാറില്ലെങ്കിൽ അതു പിൻവലിക്കണം.

Mr. Speaker: I think Smt. Gouri also knows that I have no powers to force a Minister to place a file on the table.

ബഹുമാനപ്പെട്ട ഗൗരി ഇപ്പുറത്തിരിക്കുമ്പോഴും ഫയൽ മേശപ്പുറത്ത് വച്ചിട്ടില്ലാത്ത സംഭവങ്ങളും ഉണ്ട്. ഞാൻ എങ്ങനെ വയ്ക്കാൻ നിർബന്ധിച്ചു പറയും. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് വയ്ക്കണമെന്നു തോന്നിയാൽ വയ്ക്കുക എന്നുള്ളതല്ലാതെ അവരെ നിർബന്ധിച്ച് മേശപ്പുറത്ത് വയ്പ്പിക്കാൻ എനിക്ക് അധികാരവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: രണ്ട് ആംഡ്രർനേറവീവ് ഞാൻ പറഞ്ഞു.

മി. സ്പീക്കർ: ഫയലിൽ ഉണ്ടെന്നു പറഞ്ഞാൽ വേണമെന്നുള്ളവർക്ക് വിശ്വസിക്കാം. ഇല്ലെന്നു തോന്നിയാൽ അങ്ങനേയും ഇപ്പുറത്തിരിക്കുന്നവർക്ക് വിശ്വസിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങൾ ഇഷ്ടമുള്ളത് അങ്ങോട്ടും പറഞ്ഞാൽ മതിയോ?

ക്രമസമാധാനപാലനം

* 27 (102) ശ്രീ. സി. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാനപാലനത്തിനെന്നപേരിൽ സി. ആർ. പി. യെ ഈ ഗവൺമെൻറ് ഉപയോഗപ്പെടുത്തിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ എത്രപേർ ഈ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടെന്നും അവരെ എവിടെയെല്ലാമാണ് നിയോഗിച്ചിട്ടുള്ളതെന്നും പറയാമോ;

(സി) ഈ സംസ്ഥാനത്തുള്ള പോലീസ് മതിയാവാതെ വന്നതു കൊണ്ടാണോ സി. ആർ. പി. യുടെ സേവനം ഈ ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ക്രമസമാധാനത്തിന്റെ പേരിലല്ല ക്രമസമാധാനത്തിനുവേണ്ടി സി. ആർ. പി. യെ ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

(ബി) പൊതു താൽപര്യത്തെ പരിഗണിച്ച് പരസ്യമായി പറയാൻ നിവൃത്തിയില്ല.

(സി) അതേ.

ശ്രീ. സി. കണ്ണൻ: ബഹുമാനപ്പെട്ട മന്ത്രി സി. ആർ. പി. യുടെ എണ്ണം പറയാത്തതുകൊണ്ട് അതു പതിനായിരക്കണക്കിനുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത്രയധികം പോലീസിനെ നമ്മുടെ സംസ്ഥാനത്ത് നിറുത്തി ക്രമസമാധാനം പാലിക്കേണ്ട ഗുരുതരമായ എന്തവസ്ഥയാണ് ഈ സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ ഉണ്ടായതെന്നും സി. ആർ. പി.യെ കൂടാതെ നമ്മുടെ സംസ്ഥാനത്തെ പോലീസിനെക്കൊണ്ട് തന്നെ അതു നിർവ്വഹിക്കാൻ സാധ്യമല്ലേ എന്നും പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: നമ്മുടെ സംസ്ഥാനത്തെ പോലീസിനെക്കൊണ്ട് ക്രമസമാധാന പാലനം നിർവ്വഹിക്കാൻ സാധ്യമല്ലാത്ത അവസരങ്ങളിൽ മാത്രമേ സി. ആർ. പി. യെ നിർദ്ദേശമനുസരിച്ച് വിളിച്ചിട്ടുള്ളൂ.

ശ്രീ. സി. കണ്ണൻ: ഇപ്പോഴുള്ള പതിനായിരക്കണക്കിന് സി.ആർ. പി. യെ പോരാത്തതുകൊണ്ട് വീണ്ടും സി.ആർ.പി. യെ അയച്ചുതരണമെന്ന് ഈ ഗവൺമെൻറ് സെൻട്രൽ ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക പരിത:സ്ഥിതി എന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇതു സംബന്ധിച്ചുള്ള വിവരം പൊതു താൽപര്യത്തെ പരിഗണിച്ച് പുറത്ത് പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly